പതിനാലാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ *40

24/01/2018 ൽ മറുപടിക്ക്

## പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ പുനരുദ്ധരിക്കാൻ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി യു. പ്രതിഭ ഹരി<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.ആന്റണി ജോൺ<br>ശ്രീ.പുരുഷൻ കടലുണ്ടി | ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| എ) മുൻ സർക്കാരിന്റെ കാലത്ത് നിരന്തരം നഷ്ടത്തിലായിരുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ഈ വർഷം ആദ്യപകുതിയിൽ 34 കോടി രൂപ ലാഭം എന്ന അഭിമാനാർഹമായ നേട്ടം കൈവരിച്ചതിനായി നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ; | എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 2015-16 സാമ്പത്തിക വർഷം വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മൊത്തം നഷ്ടം 131.87 കോടിരൂപയായിരുന്നു. എന്നാൽ ഈ സർക്കാരിന്റെ കാലയളവിൽ 2016-17-ൽ മൊത്തം നഷ്ടം 80.67 കോടിരൂപയായി കുറയ്ക്കുവാൻ സാധിച്ചു. 2017-18 സാമ്പത്തിക വർഷം ഏപ്രിൽ മുതൽ നവംബർ വരെയുള്ള കാലയളവിലെ ആഡിറ്റിനുമുൻപുള്ള പ്രവർത്തന അവലോകന റിപ്പോർട്ട് പ്രകാരം സ്ഥാപനങ്ങളുടെ മൊത്തം ലാഭം 34.19 കോടിരൂപയാണ്. KMML, TTPL, TCCL, KSIDC എന്നീ സ്ഥാപനങ്ങളുടെ ലാഭകരമായ പ്രവർത്തനമാണ് ഈ നേട്ടം കൈവരിക്കുവാനുള്ള |

പ്രധാന കാരണം. 2017-18-ലെ ഏപ്രിൽ മുതൽ നവംബർ വരെയുള്ള കാലയളവിൽ KMML 136.05 കോടിരൂപയുടെ റെക്കോർഡ് ലാഭവും നേടുകയുണ്ടായി.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായവകുപ്പിൻെറ അധീനതയിലുള്ള ഓരോ പൊതുമേഖലാ സ്ഥാപനങ്ങളുടെയും മുൻകാല പ്രവർത്തനങ്ങളും, ഇപ്പോഴത്തെ അവസ്ഥയും സംബന്ധിച്ച വിശദമായ വിശകലനം റിയാബ് മുഖേന നടത്തി അനുയോജ്യമായ നവീകരണ വിപുലീകരണ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിൻെറ അടിസ്ഥാനത്തിൽ ഉൽപ്പാദന സംവിധാനങ്ങളുടെയും, സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉല്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണം, വിപുലീകരണം എന്നീ നടപടികൾ നടപ്പിലാക്കി വരുന്നു. ഇതിനായി മുൻ വർഷങ്ങളെ അപേക്ഷിച്ച് കൂടുതൽ പദ്ധതി വിഹിതം നൽകിവരികയും ചെയ്യുന്നു.

പൊതുമേഖലാ സ്ഥാപനങ്ങളിൽ വൈദഗ്ദ്ധ്യമുള്ളവരെ മാനേജിംഗ് ഡയറക്ടർമാരായി നിയമിച്ച് കാര്യക്ഷമമായ മാനേജ്മെൻറ് സംവിധാനം നടപ്പിലാക്കിയും, സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം ശക്തിപ്പെടുത്തി വിപണന സംവിധാനം വിപുലപ്പെടുത്തിയും, സ്ഥാപനങ്ങളുടെ പ്രവർത്തനം മോണിട്ടറിംഗ് ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ കാര്യക്ഷമമാക്കിയും സ്ഥാപനങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്.

| | |
|---|---|
| ബി) നിലവിൽ നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെക്കൂടി ലാഭത്തിലാക്കുന്നതിനായി അവയെ നവീകരിച്ച് പുനരുദ്ധരിക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; | ബി) വ്യവസായ വകുപ്പിൻെറ അധീനതയിലുള്ള നഷ്ടത്തിൽ പ്രവർത്തിക്കുന്നതുൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും വിപണിയിൽ നിന്നും നേരിടുന്ന കനത്ത മത്സരത്തെ അതിജീവിക്കത്തക്ക വിധത്തിൽ അവയെ ശക്തിപ്പെടുത്തുന്നതിനുമുള്ള നടപടികളാണ് സർക്കാർ മുൻഗണന നൽകി നടപ്പിലാക്കിവരുന്നത്.<br>2018-19 സമ്പത്തിക വർഷത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണ വിപുലീകരണ പദ്ധതികൾ റിയാബ് മുഖേന പരിശോധിച്ചു വരികയാണ്. |
| സി) പൊതുമേഖലാ സ്ഥാപനങ്ങളെ വിറ്റഴിക്കുകയെന്ന കേന്ദ്ര സർക്കാർ നയത്തിനു വിപരീതമായി, സംസ്ഥാന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ ശാക്തീകരണത്തിനായി കഴിഞ്ഞ രണ്ടു ബജറ്റിലൂടെ നൽകിയ ധനസഹായം വിശദമാക്കാമോ? | സി) 2016-17 സാമ്പത്തിക വർഷം പൊതുമേഖലാ സ്ഥാപനങ്ങളിലെ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കുള്ള പദ്ധതി വിഹിതമായി 123 കോടി രൂപ നൽകി. മുൻ സാമ്പത്തിക വർഷം പദ്ധതി വിഹിതം 100 കോടി രൂപയായിരുന്നു. 2017-18 സാമ്പത്തിക വർഷം പദ്ധതി വിഹിതം 270 കോടി രൂപയായി ഉയർത്തുകയും സ്ഥാപനങ്ങൾ സമർപ്പിച്ച വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി ധനസഹായം നൽകിവരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ